**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിൽ മത്സ്യ കർഷകർക്ക് നൽകി വരുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ കർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾ നൽകുന്നുണ്ടെന്ന വിവരം അറിയിക്കാമോ; | (എ) | പട്ടാമ്പി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആവിഷ്കൃത പദ്ധതികളായ സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജന എന്നിവ വഴി വിവിധ മത്സ്യകൃഷി സബ്സിഡികൾ, മത്സ്യകൃഷി പരിശീലനം തുടങ്ങിയവ നൽകി വരുന്നു.<br><br>2022-23 സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കാർപ്പ് മത്സ്യകൃഷിയ്ക്കായി സൗജന്യ മത്സ്യക്കുഞ്ഞുങ്ങളേയും ആസാംവാള മത്സ്യകൃഷിയ്ക്കായി മത്സ്യക്കുഞ്ഞുങ്ങളുടെ വിലയുടെ 70% സബ്സിഡിയും നൽകിവരുന്നു. കൂടാതെ പടുതാക്കുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി തുടങ്ങിയവയ്ക്കായി മത്സ്യക്കുഞ്ഞുങ്ങളുടെ വിലയുടെ 70%വും തീറ്റയുടെ വിലയുടെ 40% വും സബ്സിഡിയായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയുടെ ഭാഗമായി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും, ബയോഫ്ളോക്ക് യൂണിറ്റുകളും സ്ഥാപിച്ച് വരുന്നു. 7.5 ലക്ഷം യൂണിറ്റ് ചെലവു വരുന്ന പദ്ധതിയ്ക്ക് ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡിയും എസ്.സി/ എസ്.റ്റി വനിതാ വിഭാഗത്തിന് 60% സബ്സിഡിയും നൽകി വരുന്നുണ്ട്. നൽകിയ സഹായങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സേവനങ്ങൾ പട്ടാമ്പി മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ലഭ്യമാകുന്നത് എന്ന വിവരം ലഭ്യമാക്കാമോ; | (ബി) | ജനകീയമത്സ്യകൃഷി നടപ്പിലാക്കി വരുന്ന മുൻസിപ്പാലിറ്റി/ പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1) പട്ടാമ്പി മുൻസിപ്പാലിറ്റി<br><br>2) കൊപ്പം ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | 3) കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്<br><br>4) മുതുതല ഗ്രാമപഞ്ചായത്ത്<br><br>5) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്<br><br>6) തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്<br><br>7) വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്<br><br>8) വിളയൂർ ഗ്രാമപഞ്ചായത്ത്<br><br>സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയ മുൻസിപ്പാലിറ്റി/ പഞ്ചായത്തുകളുടെ വിവരം ചുവടെ<br><br>1) പട്ടാമ്പി മുൻസിപ്പാലിറ്റി<br><br>2) കൊപ്പം ഗ്രാമപഞ്ചായത്ത്<br><br>3) കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്<br><br>4) മുതുതല ഗ്രാമപഞ്ചായത്ത്<br><br>5) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്<br><br>6) വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്<br><br>7) വിളയൂർ ഗ്രാമപഞ്ചായത്ത്<br><br>പ്രധാനമന്ത്രി മത്സ്യസമ്പദ യോജന നടപ്പിലാക്കുന്ന മുൻസിപ്പാലിറ്റി/ പഞ്ചായത്തുകളുടെ വിവരം ചുവടെ<br><br>1) പട്ടാമ്പി മുൻസിപ്പാലിറ്റി<br><br>2) കൊപ്പം ഗ്രാപഞ്ചായത്ത്<br><br>3) വിളയൂർ ഗ്രാമപഞ്ചായത്ത് |
| (സി) | ഇത്തരം മത്സ്യ കൃഷിക്ക് താൽപര്യമുള്ള കർഷകരെ ആകർഷിക്കുന്നതിനായി മണ്ഡല അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ സെമിനാറുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (സി) | മണ്ഡലാടിസ്ഥാനത്തിൽ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന നൽകിയ ധനസഹായത്തിന്റെ വിവരം

| വർഷം | ക്രമ നമ്പർ | പദ്ധതി | ഹെക്ടർ/ യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി (തുക രൂപയിൽ) |
|---|---|---|---|---|---|
| 2021-22 | 1 | ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി | 1.708 | 17 | 5124 |
| | 2 | പൊതുകുളങ്ങളിലെ കാർപ്പ് മത്സ്യക്കൃഷി | 13.26 ഹെക്ടർ | 128 കുളങ്ങൾ | 39780 |
| | 3 | ബയോഫ്ളോക്ക് | 4 | 4 | 218752 |
| | 4 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 1 | 1 | 28000 |
| | 5 | പടുതാക്കുളത്തിലെ മത്സ്യകൃഷി | 31 യൂണിറ്റ് | 31 | 645750 |
| | 6 | കുളങ്ങളിലെ ശുദ്ധജല മത്സ്യക്കൃഷി | 0.33 ഹെക്ടർ | 4 | 990 |
| | 7 | സ്വകാര്യകുളങ്ങളിലെ കാർപ്പ് മത്സ്യക്കൃഷി | 15.23 ഹെക്ടർ | 286 | 45690 |
| | | ആകെ | | | 984086 |

| | | പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി | | | |
|---|---|---|---|---|---|
| വർഷം | ക്രമ നമ്പർ | പദ്ധതി | യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി (തുക രൂപയിൽ) |
| 2021-22 | 1 | ബയോഫ്ളോക്ക് സിസ്റ്റം | 1 | 1 | 90622 |
| | | ആകെ | | | 90622 |

## സുഭിക്ഷകേരളം ജനകീയ മത്സ്യക്കൃഷി പദ്ധതി പ്രകാരം നൽകിയ ധനസഹായത്തിന്റെ വിവരം

| വർഷം | ക്രമ നമ്പർ | പദ്ധതി | ഹെക്ടർ/ യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി (തുക രൂപയിൽ) |
|---|---|---|---|---|---|
| 2022-23 | 1 | സ്വകാര്യകുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി | 13.97 ഹെക്ടർ | 174 | 41910 |
| | 2 | പൊതുകുളങ്ങളിലെ കാർപ്പ് മത്സ്യക്കൃഷി | 13.88 ഹെക്ടർ | 104 കുളങ്ങൾ | 41604 |
| | 3 | ബയോഫ്ളോക്ക് (തിലാപ്പിയ, വരാൽ, വാള) | 3 യൂണിറ്റ് | 3 | 18900 |
| | 4 | പടുതാക്കുളത്തിലെ ആസാംവാള മത്സ്യകൃഷി | 6 യൂണിറ്റ് | 6 | 12540 |
| | 5 | പടുതാക്കുളത്തിലെ വരാൽ മത്സ്യകൃഷി | 20 യൂണിറ്റ് | 20 | 57791 |
| | 6 | കുളങ്ങളിലെ ആസാംവാള മത്സ്യക്കൃഷി | 0.968 ഹെക്ടർ | 6 | 3780 |
| | 7 | ബയോഫ്ളോക്ക് (വനാമി) | 1 യൂണിറ്റ് | 1 | 24800 |
| ആകെ | | | | | 201325 |

**സെക്ഷൻ ഓഫീസർ**